**രോഗത്തെയാണ് ഒറ്റപ്പെടുത്തേണ്ടത് അല്ലാതെ രോഗിയെയല്ല!**

# WORLD AIDS DAY - 2022

**DECEMBER 1**




UNITED TO END THE INEQUALITIES HOLDING BACK THE END OF **AIDS**

# EQUALIZE

മാന്യരെ,

ഇന്ന് ഡിസംബർ ഒന്ന്, ലോക എയ്ഡ്സ് ദിനം **(World AIDS Day).** എച്ച്.ഐ.വിയെപ്പറ്റിയുള്ള അജ്ഞത, രോഗബാധിതരോടുള്ള വിവേചനവും സാമൂഹികനിന്ദയും അവഗണനയും, **HIV** പരിശോധനയെപ്പറ്റിയുള്ള അറിവില്ലായ്മ തുടങ്ങിയവ എച്ച് ഐ വി പരിശോധനയെ സാരമായി ബാധിക്കുന്നു. **HIV** ബാധിതരാണെന്നു തിരിച്ചറിയുന്നത് പലപ്പോഴും ഏറെ വൈകിയാണ്. ഇത് ചികിത്സയുടെ ഫലപ്രാപ്തിയെ ബാധിക്കും. ഈ ലോക എയ്ഡ്സ് ദിനത്തിൽ എയ്ഡ്സ് അവസാനിപ്പിക്കുന്നതിലെ പുരോഗതിയെ പിന്നോട്ടടിക്കുന്ന അസമത്വങ്ങൾ നമുക്ക് പരിഹരിക്കാം.

### എന്താണ് എച് ഐ വി/ എയ്ഡ്സ്?

- HIV ( Human Immunodeficiency Virus) അണുബാധയ്ക്ക് കാരണമാകുന്ന വൈറസ്.
- HIV അണുബാധയുടെ ഏറ്റവും തീവ്രമായ അവസ്ഥയാണ് AIDS (Acquired Immunodeficiency Syndrome).

### എച് ഐ വി പകരുന്നതെങ്ങനെ?

- കണ്ടുപിടിക്കാവുന്ന വൈറൽ ലോഡുള്ള എച് ഐ വി ബാധിതരാൽ നിന്നുള്ള ചില ശരീര സ്രവങ്ങളിലൂടെ മാത്രമാണ് ഇത് പകരുന്നത്.

### എച് ഐ വി പകരാൻ സാധ്യതയുള്ള ശരീരസ്രവങ്ങൾ

- രക്തം
- മുലപ്പാൽ
- സെക്സ്യുൽ ഫ്ലൂയിഡ്കൾ

### എച് ഐ വി പടരാതിരിക്കാനുള്ള ചില വഴികൾ

- ലൈംഗിക ബന്ധത്തിൽ ഏർപ്പെടുമ്പോൾ കോണ്ടം ഉപയോഗിക്കുക
- **STD** സ്ക്രീനിങ്ങുകൾ
- സുരക്ഷിതമായ കുത്തിവെയ്പ്പ്

**അമ്മ HIV ബാധിതയാണെങ്കിൽ ഗർഭസ്ഥ ശിശുവിന് HIV പിടിപെടാതിരിക്കാനുള്ള മാർഗ്ഗങ്ങൾ ലഭ്യമാണ്.**

**എച് ഐ വി പരിശോധനയും കൗൺസിലിങ്ങും സൗജന്യമായി ലഭ്യമാക്കുന്നതിനു വിപുലമായ സൗകര്യങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ഒരുക്കിയിരിക്കുന്നത്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ പ്രവർത്തിക്കുന്ന ഐ സി ടി സി കേന്ദ്രങ്ങളിൽ പരിശോധന സൗകര്യമുണ്ട്.**


DEPARTMENT OF PUBLIC HEALTH DENTISTRY

**KANNUR DENTAL COLLEGE**

Anjarakandy, Kannur - 670612